# വിശുദ്ധ യൗസേപ്പിതാവിനോടുള്ള ജപം

ഭാഗ്യപ്പെട്ട മാർ യൗസേപ്പേ, ഞങ്ങളുടെ അനർത്ഥങ്ങളിൽ അങ്ങേപക്കൽ ഓടിവന്നു അങ്ങേ പരിശുദ്ധ ഭാര്യയോടു സഹായം അപേക്ഷിച്ചതിന്റെ ശേഷം അങ്ങയുടെ മധ്യസ്ഥതയെയും ഞങ്ങൾ ഇപ്പോൾ മനോശരണത്തോടുകൂടി യാചിക്കുന്നു. നീതിമാനും വിശ്വസ്തനും വിവേകിയുമായ വിശുദ്ധ യൗസേപ്പിതാവേ, ജീവിതത്തിലുണ്ടായ എല്ലാ പ്രതിസന്ധികൾക്കും പ്രയാസങ്ങളിലും അങ്ങ് ദൈവത്തിലാശ്രയിച്ച് ഉറച്ചുനിന്നുവല്ലോ. തിരുക്കുടുംബത്തിന്റെ ഉത്തമനായ സംരക്ഷകനേ, ഞങ്ങളുടെ കുടുംബത്തെ കനിവോടെ കടാക്ഷിക്കേണമെ. അങ്ങയുടെ മാതൃകയനുസരിച്ച് പുണ്യജീവിതം നയിക്കാനും നല്ല മരണം ലഭിച്ച് സ്വർഗത്തിൽ നിത്യഭാഗ്യം പ്രാപിക്കാനും ഞങ്ങളെ സഹായിക്കേണമെ. ആമ്മേൻ.